**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2498.** **09.03.2018 ൽ മറുപടിയ്ക്ക്**

**മയക്ക മരുന്ന് മാഫിയക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| സംസ്ഥാനത്തെ മയക്ക മരുന്ന് മാഫിയക്കെതിരെ ശക്തമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | മയക്കമരുന്നിന്റെ വിപണനവും വ്യാപനവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് നിരോധിത ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിന് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത യോഗങ്ങൾ കൂടി വിവരങ്ങൾ പരസ്പരം കൈമാറി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. വകുപ്പുകളുമായി സംയുക്ത പരിശോധനകളും, ബോർഡർ പട്രോളിംഗ്, എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡുകളും ഷാഡോ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നതിലൂടെ മയക്കമരുന്ന് വിപണനം ഉൻമൂലനം ചെയ്യുന്നതിന് നടപടിയെടുത്തു വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ മാസം ഗൾഫിലേക്ക് കടത്തുന്നതിന് കൊണ്ടുവന്ന 30 കോടി രൂപ വിലയുള്ള 5.020 കി.ഗ്രാം എം.ഡി.എം.എ. എന്ന മാരകമായ മയക്കമരുന്ന് കൊച്ചിയിൽ വച്ച് എക്സൈസ് വിഭാഗം പിടികൂടി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര മാഫിയ ബന്ധം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടന്നു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**